പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 354 07.01.2014-ൽ മറുപടിയ്ക്ക്

## കെ. എസ്. ഇ. ബി - കമ്പനിവൽക്കരണം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി കമ്പനിവല്ക്കരിക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന നേട്ടം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) ഇലക്ട്രിസിറ്റി ആക്ട്, 2003 അനുശാസിക്കുന്ന പ്രകാരവും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളനുസരിച്ചുമാണ് സംസ്ഥാന വൈദ്യുതി ബോർഡിനെ പുന:സംഘടിപ്പിക്കാൻ കേരള സർക്കാർ തീരുമാനിച്ചത്. 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിലെ വൈദ്യുതി ബോർഡുകളുടെ പുന:സംഘടന സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കുന്നതിനും അതു കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് കമ്പനിവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (ബി) കെ. എസ്. ഇ. ബി കമ്പനിവൽക്കരണത്തിലൂടെ നിലവിലുള്ള ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; സ്വാഭാവികമായ എന്തെങ്കിലും മാറ്റം ഉണ്ടാകാൻ സാധ്യതയുണ്ടോ ; | (ബി) 2003-ലെ വൈദ്യുതി നിയമത്തിന്റെ 133, 134 വകുപ്പുകൾ പ്രകാരം നിലവിലുള്ള ജീവനക്കാരെ പുതിയ കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ രണ്ടാം കൈമാറ്റ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജീവനക്കാരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകളിൽ ഒട്ടും കുറവു വരാതെ അവ സംരക്ഷിക്കണമെന്ന വൈദ്യുതി നിയമത്തിലെ നിർദ്ദേശങ്ങളനുസരിച്ചാണ് കൈമാറ്റ പദ്ധതിയിലെ വ്യവസ്ഥകളും തയ്യാറാക്കിയിട്ടുള്ളത്. |
| (സി) കമ്പനിവൽക്കരണത്തിലൂടെ കെ. എസ്. ഇ. ബി പെൻഷൻകാരുടെ പെൻഷന് എന്തെങ്കിലും തടസ്സം നേരിടുമോ ; ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) ഇലക്ട്രിസിറ്റി ആക്ട്, 2003 ജീവനക്കാർക്ക് നൽകുന്ന എല്ലാ പരിരക്ഷയും ഉറപ്പുവരുത്തിക്കൊണ്ടു തന്നെയാണ് 31-10-2013-ലെ റീവെസ്റ്റിംഗ് വിജ്ഞാപനം ഇറക്കിയിരിക്കുന്നത്. പെൻഷൻ വിതരണത്തിനായി ഭദ്രതയുള്ള ഒരു സംവിധാനം ഉറപ്പുവരുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ കൈമാറ്റ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.